<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2644</u> <u>02-08-2021 - ൽ മറുപടിയ്ക്ക്</u>

<u>പട്ടയവിതരണവും കൈവശവകാശരേഖയും</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി താലൂക്കിൽ വിവിധ വില്ലേജുകളിലായി പട്ടയം ലഭിക്കുന്നതിനും, കൈവശാവകാശ രേഖ ലഭിക്കുന്നതിനുമായി എത്ര അപേക്ഷകൾ ഉണ്ടെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഓരോ അപേക്ഷയിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | 210 ലാൻഡ് അസൈൻമെന്റ് പട്ടയ അപേക്ഷകളിൽ 40 എണ്ണത്തിൽ നടപടി സ്വീകരിച്ച് വരുന്നു. ബാക്കിയുള്ള 50 അപേക്ഷകളിൽ പഞ്ചായത്തിൽ നിന്നും NOC ലഭിക്കാത്തതിനാലും , 40 അപേക്ഷകളിൽ വ്യവസ്ഥകൾ പാലിക്കാത്തതിനാലും , 80 അപേക്ഷകളിൽ വില്ലേജ് ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാലും നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. മിച്ചഭൂമി പട്ടയങ്ങൾ മുൻപ് അനുവദിച്ചിട്ടുള്ളതിനാൽ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് മുൻ പതിവ്കാരുടെ പട്ടയം റദ്ദ് ചെയ്യേണ്ടതിനാൽ ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 369 കൈവശരേഖ അപേക്ഷകളിലും സംയുക്ത പരിശോധന നടത്തി അർഹരായവരുടെ വിവരങ്ങൾ ഋഗിൾ മാപ്പിൽ അപലോഡിംഗ് ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പട്ടയം അപേക്ഷകൾ വില്ലേജ് തിരിച്ചുള്ള കണക്ക്(മാനന്തവാടി താലൂക്ക്)

| ക്രമ നമ്പർ | വില്ലേജ് | ലാൻഡ് അസൈൻമെന്റ് പട്ടയം | നിച്ച ഭൂമി പട്ടയം | നിക്ഷിപ്ത വനഭൂമി |
|---|---|---|---|---|
| 1 | മാനന്തവാടി | 44 | – | 175 |
| 2 | തവിഞ്ഞാൽ | 42 | – | – |
| 3 | തൃശ്ശിലേരി | 25 | – | – |
| 4 | എടവക | 12 | – | – |
| 5 | വാളാട് | 4 | – | – |
| 6 | അഞ്ചുകുന്ന് | 7 | – | – |
| 7 | പനമരം | 4 | – | – |
| 8 | പയ്യംപള്ളി | 3 | – | – |
| 9 | തിരുനെല്ലി | 20 | 342 | – |
| 10 | ചെറുകാട്ടൂർ | 3 | – | -- |
| 11 | പൊരുന്നന്നൂർ | – | – | -- |
| 12 | കാഞ്ഞിരങ്ങാട് | 2 | – | 3 |
| 13 | തൊണ്ടർനാട് | 15 | – | 177 |
| 14 | പെരിയ | 3 | – | 14 |
| 15 | നല്ലൂർനാട് | 2 | – | – |
| 16 | വെള്ളമുണ്ട | 24 | – | – |
| ആകെ | | 210 | 342 | 369 |

സെക്ഷൻ ഓഫീസർ